## എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്.

(ഹണി. ജി.അലക്സാണ്ടർ.)

വിഷയം : പൊതു വിദ്യാഭ്യസം -ജീവനം -തസ്തിക നിർണ്ണയം 2022-23- തസ്തിക നഷ്ടപെട്ട സംരക്ഷണാനുകൂല്യമുള്ള അധ്യാപക/ അനദ്ധ്യാപക ജീവനക്കാരെ നിലവിലുള്ള ഒഴിവുകളിലേക്ക് പുനർ വിന്യസിച്ച് ഉത്തരവാകുന്നു.

പരാമർശം : 1. 29/1/16 ലെ സ.ഉ.(അച്ചടി) 29/16/പൊവിവ.
2. 5/8/16 ലെ സ.ഉ.(അച്ചടി) 134/16/പൊവിവ.
3. 3/12/16 ലെ സ.ഉ.(പി) 199/16/പൊവിവ.
4. 28/2/16 ലെ സ.ഉ.(പി) 3/19/പൊവിവ.
5. 8/3/19 ലെ ജെ2/57/19/പൊവി നം പരിപത്രം.
6. 6/7/21 ലെ സ.ഉ.(സാധാ) 3287/21.
7. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 15/7/22, 5/8/22 തീയതികളിലെ എച്ച്2/5594/2022/DGE നം. പരിപത്രം.
8. സ.ഉ.(സാധാ) നം. 4441/22/പൊവിവ തീയതി 1/8/22
9. 06.08.2022 തീയതിയിലെ ജെ2/18/22/പൊ.വി.വ നമ്പർ സർക്കാർ കത്ത്
10. 25.08.2022 തീയതിയിലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കത്ത് നം എച്ച് 2/5594/2022/ഡിജിഇ

## ഉത്തരവ് നം. ബി5/6608/2022 തീയതി. 25/08/2022.

2022-23 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം എറണാകുളം ജില്ലയിലെ എയ്ഡഡ് സ്കൂളുകളിലെ തസ്തിക നഷ്ട്പ്പെടുന്ന സംരക്ഷണാനുകൂല്യമുള്ള അധ്യാപക/അനധ്യാപകരുടെ പേര് വിവരം ബന്ധപെട്ട ജില്ല/ഉപജില്ല വിദ്യാഭ്യാസ ആഫീസർമാർ പരാമർശം (7) പ്രകാരം ലഭ്യമാക്കിയിരുന്നു. ആയത് പ്രകാരം ടി അധ്യാപക/അനധ്യാപകരെ ജില്ലയിൽ നിലവിലുള്ള ഒഴിവുകളിൽ പുനർവിന്യസിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടി പുനർവിന്യാസം സീനിയോറിറ്റിക്ക് വിധേയമായി പുന:ക്രമീകരിക്കുന്നതാണ്. പരാമർശം(10) ലെ നിർദ്ദേശപ്രകാരം മാതൃവിദ്യാലയത്തിൽ തന്നെ നിലനിൽക്കാൻ സംരക്ഷിത ആനുകൂല്യം ഉള്ള അദ്ധ്യാപകരെ നിലവിൽ വിടുതൽ ചെയ്യേണ്ടതില്ല. പുനർ വിന്യസിക്കപ്പെട്ട മറ്റ് അദ്ധ്യാപകരെ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതല് റിപ്പോർട്ട് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ടി അധ്യാപകരുടെ സംരക്ഷണാനുകൂല്യം റദ്ദാക്കപ്പെടുന്നതാണ്.

പരാമർശ പ്രകാരം സൂചിപ്പിച്ചിരിക്കുന്ന കത്തുകൾ, ഉത്തരവുകൾ, പരിപത്രങ്ങൾ എന്നിവയ്ക്ക് പൂർണ്ണ വിധേയമായിട്ടായിരിക്കും പുനർവിന്യാസം. സംരക്ഷണത്തിന് അർഹതയുള്ള അധ്യാപക/അനധ്യാപർ ആരും തന്നെ പുനർവിന്യസിക്കപ്പെടാതെ വിദ്യാലയങ്ങളിൽ തുടരുന്നില്ലെന്നും ഈ ഉത്തരവ് മൂലം പുനർവിന്യസിക്കപ്പെട്ട എല്ലാ അധ്യാപക /അനധ്യാപകർക്കും

സംരക്ഷണത്തിന് അർഹത ഉള്ളവരാണെന്നും അതാത് ജില്ലാ ഉപജില്ലാ ഓഫീസർമാർ, പ്രധാന അദ്ധ്യാപകർ ഉറപ്പ് വരുത്തേണ്ടതാണ്.

ഹണി ജി അലക്സാണ്ടർ
പെൻ : 260395
വിദ്യാഭ്യാസ ഉപഡയറക്ടർ
എറണാകുളം.

സ്വീകർത്താവ്

1. ബന്ധപ്പെട്ട അദ്ധ്യാപകർ, പ്രധാനാദ്ധ്യാപകർ, ജില്ല /ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ, എസ് എസ് കെ എറണാകുളം
2. കരുതൽ ഫയൽ